പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3808 17.10.2011- ലെ മറുപടി

## "എം" പാനലിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

ചോദ്യം ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. യിൽ "എം" പാനലിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവോ ; | (എ) യും (ബി) യും | 2001 ൽ പി.എസ്.സി പ്രസിദ്ധീകരിച്ച കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനോപദേശം ലഭിക്കാതിരുന്നവരിൽ നിന്നും എംപാനൽ വ്യവസ്ഥയിൽ തുടർന്നു വരുന്ന 912 പേരെയും, കെ.എസ്.ആർ.ടി.സി യുടെ 2008-ലെ സേവന വേതന കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രതിവർഷം കുറഞ്ഞത് 120 ഡ്യൂട്ടി ചെയ്തവരും എട്ട് സേവന വർഷം പൂർത്തിയാക്കിയവരും 1.9.2008 ൽ കോർപ്പറേഷന്റെ പാനലിൽ നിലവിലുള്ളവരുമായ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കൽ വിഭാഗങ്ങളിലെ 2630 ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. |
| (ബി) | എങ്കിൽ എത്ര വർഷം വരെ ജോലി ചെയ്തവരെയാണ് പരിഗണിച്ചിട്ടുള്ളത് ; | | |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (സി) യും (ഡി) യും | ഈ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട പ്രകാരം മുമ്പ് സമർപ്പിച്ചിരുന്ന 8 വർഷം പൂർത്തിയാക്കിയ 2630 താൽക്കാലിക ജീവനക്കാരുടെ പട്ടികയിൽ നിന്നും 31.3.2011 ൽ വരെ വിരമിച്ച 127 പേരുടെയും സർവ്വീസിൽ നിന്നും പിരിച്ചു വിട്ട ഒരാളുടേയും വിവരങ്ങൾ ഒഴിവാക്കി പുതുക്കിയ പട്ടിക കെ.എസ്.ആർ.ടി.സി സമർപ്പിച്ചിട്ടുണ്ട്. എംപാനൽ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | ഇല്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ